ഓഫീസ്, സർക്കാർ അനുമതി ലഭ്യമായ ബാങ്കുകൾ, സംസ്ഥാനത്തെ പ്രധാന സർക്കാർ വകുപ്പുകൾ എന്നിവയെ ഇ-ട്രഷറിയുമായി സംയോജിപ്പിച്ചിട്ടുണ്ട്.

ഇ-ട്രഷറി സംവിധാനം നടപ്പാക്കുന്നതിനായി ഒരു സെൻട്രൽ സെർവ്വർ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ട്രഷറി ഡയറക്ടറേറ്റിൽ എല്ലാവിധ സാങ്കേതിക സൗകര്യങ്ങളാലും സജ്ജമായ ഒരു ഇ-ട്രഷറി ഓഫീസും പ്രവർത്തിക്കുന്നുണ്ട്. 42 സർക്കാർ വകുപ്പുകളും ഇ-ട്രഷറി സംവിധാനത്തിൽ സംയോജിപ്പിച്ചിട്ടുണ്ട്. നിലവിൽ 400 കോടിയലധികം രൂപ വിവിധ വകുപ്പുകളിലായി ഇ-ട്രഷറി മുഖാന്തിരം സ്വീകരിച്ച് സർക്കാർ അക്കൗണ്ടിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ റിസർവ് ബാങ്കിനെ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ച് ഓൺലൈനായി കണക്കുകൾ ലഭ്യമാക്കുന്ന സംവിധാനവും നിലവിൽ വന്നിട്ടുണ്ട്.

താനൂരിൽ സബ്ട്രഷറി

131 (137) ശ്രീ. അബു റഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ സബ്ട്രഷറി ആരംഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളത് ;

(ബി) ഗവൺമെന്റ് കോളേജ് , ഹാർബർ എഞ്ചിനീയറിംഗ് ഓഫീസ്, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, മുനിസിപ്പൽ ഓഫീസ് , ഫിഷിംഗ് ഹാർബർ, നിരവധി സ്കൂളുകൾ , വില്ലേജ്-പഞ്ചായത്ത് ഓഫീസുകൾ അടക്കം നിരവധി സ്ഥാപനങ്ങൾ നിലനിൽക്കുന്ന താനൂരിൽ ഒരു സബ്ട്രഷറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;പ്രസ്തുത ആവശ്യം പരിഗണനയിലുണ്ടോ ;

(സി) താനൂരിൽ ഒരു സബ്ട്രഷറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റെ സാമ്പത്തിക ഇടപാടുകാർ, പെൻഷൻകാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ, സർക്കാരിലേയ്ക്കുള്ള വിവിധതരം പണം ഒടുക്കലുകൾ, മുദ്രപത്ര വിൽപ്പന എന്നിവയുടെ വ്യാപ്തിയാണ് പുതുതായി സബ്ട്രഷറി അനുവദിക്കുന്നതിന് നിലവിൽ സർക്കാർ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ.

(ബി) ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പ്രസ്തുത ആവശ്യം പരിഗണനയിലില്ല.

(സി) പ്രസ്തുത ആവശ്യം സംബന്ധിച്ച് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly